**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) മാനേജിംഗ് ഡയറക്ടർ ലഫ്റ്റനന്റ് കേണൽ (റിട്ട.) ശ്രീ.പി.കെ.സതീഷ് കുമാറിന്റെ കരാർ കാലാവധി ഉടൻ പ്രാബല്യത്തിൽ വരുംവിധം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ(സാധാ)നം.1/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:04.01.2022**

---

പരാമർശം: - (1) 30.11.2021 ലെ സ.ഉ(സാധാ)നം.48/2021/സൈ.ക്ഷേ.വ.

(2) സ.ഉ(കൈ)31/2021/പ്ലാനിംഗ് തീയതി 06.11.2021.

*****

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കെക്സ്കോൺ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ടിക്കുന്ന ശ്രീ.പി.കെ.സതീഷ് കുമാർ, ലഫ്റ്റനന്റ് കേണൽ (റിട്ട.) -ന്റെ സേവന കരാർ കാലാവധി 15.11.2021 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് കോർപ്പറേഷനുകൾ, സ്വയംഭരണ / സ്റ്റാറ്റ്യൂട്ടറി സ്ഥാനപങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പൊതുഭരണ സ്ഥാപനങ്ങളിലെയും മാനേജിംഗ് ഡയറക്ടർ / സെക്രട്ടറി / ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 65 വയസ്സായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കെക്സ്കോൺ മാനേജിംഗ് ഡയറക്ടറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.പി.കെ.സതീഷ് കുമാർ പരാമർശം (2) പ്രകാരം എം.ഡി തസ്തികയിലേയ്ക്ക്

നിശ്ചയിച്ചിട്ടുള്ള പ്രായപരിധി കഴിഞ്ഞ വ്യക്തി ആയതിനാൽ ശ്രീ.പി.കെ.സതീഷ് കുമാറിന്റെ കെക്സ്കോൺ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ സേവന കരാർ ഉടൻ പ്രാബല്യത്തിൽ വരുംവിധം അവസാനിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തസ്തികയിലേയ്ക്ക് പുതുതായി നിയമനം നടത്തുന്നതു വരെ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ കെക്സ്കോൺ എം.ഡി യുടെ പൂർണ്ണ അധികച്ചുമതല വഹിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.രാജു നാരായണ സ്വാമി.ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്-

1) ചെയർമാൻ, കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ), തിരുവനന്തപുരം.
2) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ), തിരുവനന്തപുരം.
3) ലഫ്റ്റനന്റ് കേണൽ ശ്രീ.പി.കെ.സതീഷ് കുമാർ, 'പ്രസാദം', ടി.സി 35/2374(C44), ഇലങ്കത്ത് നഗർ, വലിയവിള, തിരുമല.പി.ഒ, തിരുവനന്തപുരം.
4) സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്), കേരള, തിരുവനന്തപുരം.
6) ധനകാര്യ (PUC) വകുപ്പ്
7) ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
8) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
9) സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ